LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

ഭരണരീതി സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ

19 (19) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ നേരിൽകണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഭരണരീതി പഠനവിധേയമാക്കുവാൻ യു.എൻ.ഡി.പി. തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പ് രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലെയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാർ സർവ്വീസിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടികൾ-സംബന്ധിച്ച്

20 (20) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളിൽനിന്നും റദ്ദാക്കേണ്ട തസ്തികകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവയുടെ വകുപ്പും തസ്തികയും എണ്ണവും തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(സി) തസ്തികകൾ കുറവ് ചെയ്യുന്നതുമൂലം ചെലവിനത്തിൽ എത്ര രൂപ ലാഭിക്കാമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ അധിക തസ്തികകൾ കണ്ടെത്തുന്നതിനായി ജി.ഒ. (എംഎസ്.) 12/12/ ധന. തീയതി 6-1-2012 പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ബി&സി) 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ 'ബാധകമല്ല'.

സംസ്ഥാന സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർ

21 (21) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2011 മുതൽ 31-10-2014 വരെ സംസ്ഥാന സർവ്വീസിലെ വിവിധ വകുപ്പുകളിൽനിന്നും എത്ര ജീവനക്കാർ വിരമിക്കുകയുണ്ടായി ; വകുപ്പ് തിരിച്ച് വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്ര പേർക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകുകയുണ്ടായി ; വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെ വിവിധ വകുപ്പുകളിൽ നിന്നുമായി സംസ്ഥാന സർക്കാരിൽനിന്നും വിരമിച്ചവരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി എത്ര രൂപ ചെലവഴിച്ചു ; വിശദാംശം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽനിന്ന് സെക്ഷൻ ഓഫീസർമുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിലും, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, പേഴ്സണൽ അസിസ്റ്റന്റ്, ഓഫീസ് സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, സ്വീപ്പർ, ഗാർഡനർ എന്നീ തസ്തികകളിൽ നിന്നും ഇക്കാലയളവിൽ വിരമിച്ചവരുടെ എണ്ണം താഴെകൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly